**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1718** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ ടിക്കറ്റിതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്. സമുദ്ര ബസ് പദ്ധതി മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും, രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്കാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ യഥാസമയം വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിയിരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും, വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്ക് ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ |

ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.യ്ക്ക് കിലോമീറ്ററിന് 57/- രൂപ നിരക്കിൽ അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകി വരുന്നുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും, സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകൾ ആവശ്യാനുസരണം നൽകി വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ / മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കൂടാതെ കൊറിയർ  പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.
കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഷോപ്പ്

ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി., താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. 'മൂന്നാറിൽ സ്ലീപർ ഇൻ ബസ്" എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപ്പർ ഇൻ ബസ്" പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing”എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്' എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ / അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും, കൊറിയർ / പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം / ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും, ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസ്സുകൾ ഫിഷ് ബൂത്തുകളായി പ്രവർത്തിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ

കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് KSRTC-യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്-ന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് കൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന project-കളിലെല്ലാം വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി മാറ്റി അവയിലൂടെ പെട്രോളിയം ഉൽപ്പനങ്ങൾ വിൽപ്പന നടത്തി അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 8 പമ്പുകൾ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളാക്കി 15/9/2021 മുതൽ വിജയകരമായി പ്രവർത്തിച്ച് വരുന്നു. Ration shop on wheel വിദൂരമായ മലയോര പ്രദേശങ്ങളിലെ ആദിവാസി സമൂഹം ഉൾപ്പെടെ ഉള്ളവർ റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ പോയി വാങ്ങുവാൻ ഉള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തു അവരുടെ താമസസ്ഥലത്തു സഞ്ചരിക്കുന്ന റേഷൻകടകളായ KSRTC busകളെ രൂപകല്പന ചെയ്ത് Civil Supplies വകുപ്പുമായി ചേർന്നു "Ration Shop on Wheels" എന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വിവിധ

| | | | |
|---|---|---|---|
| | | | ജില്ലകളിലായി ആദ്യ ഘട്ടത്തിൽ സഞ്ചരിക്കുന്ന 10 റേഷൻ shopകൾ ഇപ്രകാരം ആരംഭിയ്ക്കുവാൻ Civil Supplies Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്. സിവിൽ Supplies വകുപ്പിന്റെ 'ലാഭം' മാർക്കറ്റ്, കുടുംബശ്രീ Hotelകൾ, വിവിധ വകുപ്പുകളുടെ officeകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്ന KSRTC depotകളിൽ ആരംഭിയ്ക്കുവാനുള്ള നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ